പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3244

07.11.2019-ൽ മറുപടിക്ക്

## മത്സ്യത്തൊഴിലാളികളുടെ സംരക്ഷണം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.കെ.എൻ.എ ഖാദർ<br>,, വി.കെ.ഇബ്രാഹിം കുഞ്ഞ് : | | ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി) |
| (എ) | മത്സ്യത്തൊഴിലാളികളുടെ ജീവന് സംരക്ഷണം നൽകുന്നതിനും ജീവിത നിലവാരം ഉയർത്തുന്നതിനും ലക്ഷ്യമിട്ട് ഈ സർക്കാർ പ്രഖ്യാപിച്ച പദ്ധതികൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ; | (എ) | അനുബന്ധമായി ചേർക്കുന്നു |
| (ബി) | പ്രസ്തുത പദ്ധതികളിൽ ഏതെല്ലാമാണ് നിലവിൽ നടപ്പിലാക്കിയതെന്നും ഇനി നടപ്പിലാക്കാനുള്ളവ ഏതെല്ലാമെന്നും ഇവ നടപ്പിലാക്കാൻ കാല താമസമുണ്ടാകുന്നതിന്റെ കാരണമെന്തെന്നും വ്യക്തമാക്കുമോ? | (ബി) | അനുബന്ധത്തിൽ പരാമർശിച്ചിരിക്കുന്ന പദ്ധതികൾ നിലവിൽ നടപ്പാക്കി വരുന്നവയാണ്. വേലിയേറ്റ രേഖയിൽ നിന്ന് 50 മീറ്ററിനുള്ളിൽ അധിവസിക്കുന്ന തീരദേശ നിവാസികളെ മാറ്റി പാർപ്പിക്കുന്നതിനുള്ള 2450 കോടി രൂപയുടെ പുനർഗേഹം പദ്ധതിയുടെ വിശദരൂപരേഖ (DPR) സർക്കാരിന്റെ പരിഗണനയിലാണ്. ടി പദ്ധതിയ്ക്കായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 1398 കോടി രൂപ ഇതിനകം അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

കടലിൽ പോകുന്ന മത്സ്യ ത്തൊഴിലാളികളുടെ സുരക്ഷയ്ക്കായി മത്സ്യത്തൊഴിലാളികൾക്ക് 40,000 ലൈഫ്ജാക്കറ്റുകൾ വിതരണം ചെയ്യുന്ന പദ്ധതി നടപ്പിലാക്കിവരുന്നു. 2018-19 വർഷത്തെ പദ്ധതിയിലുൾപ്പെടുത്തി 556 എണ്ണം ജി.പി.എസും 1132 എണ്ണം ലൈഫ് ബോയെയും വിതരണം ചെയ്ത് കഴിഞ്ഞു. ഐ.എസ്.ആർ.ഒ യുടെ സാങ്കേതിക സഹായത്തോടുകൂടി അടിയന്തിര ഘട്ടങ്ങളിൽ 1500 കിലോമീറ്റർ അകലെ വരെ കാലാവസ്ഥാ മുന്നറിയിപ്പുകൾ നൽകാൻ കഴിയുന്ന നാവിക് ഉപകരണങ്ങൾ 15000 എണ്ണം വിതരണം ചെയ്യുന്നതിന് സർക്കാർ അനുമതി നൽകിയിരുന്നു. അതിന്റെ ആദ്യഘട്ടമായി 5000 എണ്ണം നാവിക് ഉപകരണങ്ങൾ വിതരണം ചെയ്യുന്നതിന് കെൽട്രോണുമായി കരാർ ഒപ്പിടുകയും വിതരണം ചെയ്ത് തുടങ്ങുകയും ചെയ്തിട്ടുണ്ട്. ഇതുവരെ 875 എണ്ണം വിതരണം ചെയ്തു. ആഴക്കടൽ മത്സ്യബന്ധനത്തിലേർപ്പെടുന്ന 1000 മത്സ്യബന്ധന യാനങ്ങൾക്ക്

ബി.എസ്.എൻ.എൽ -ലുമായി ചേർന്ന് സാറ്റലൈറ്റ് ഫോണുകൾ വിതരണം ചെയ്യുന്നതിന് ഭരണാനുമതിയും ഫണ്ടും ലഭ്യമാക്കുകയും ആയത് വിതരണം ചെയ്ത് വരികയുമാണ്. ഇതുവരെ 24 എണ്ണം വിതരണം ചെയ്തു. പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ സുരക്ഷ യ്ക്കായി കൂടുതൽ ബലവത്തായ 120 എഫ്.ആർ.പി ബോട്ടുകൾ (മത്സ്യബന്ധന യൂണിറ്റുകൾ) സൗജന്യമായി വിതരണം ചെയ്യുന്നതിനുള്ള പദ്ധതി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. ഇതിലേയ്ക്ക് കേന്ദ്ര സർക്കാർ 24% ചെലവ് വഹിക്കും. ബാക്കി CMDRF - ൽ നിന്നുമാണ് ചെലവഴിക്കുന്നത്. കേന്ദ്ര സംസ്ഥാന സർക്കാരുകൾ ചേർന്ന് 40% സബ്സിഡിയോടെ 200 എഫ്.ആർ.പി മത്സ്യബന്ധന യൂണിറ്റുകൾ വിതരണം ചെയ്യുന്ന പദ്ധതിയും നടപ്പിലാക്കുന്നതാണ്. കൂടാതെ അപകടത്തിൽ പെടുന്ന മത്സ്യത്തൊഴിലാളികളെ കഴിയുന്നത്ര വേഗത്തിൽ കരയിലെത്തിച്ച് ചികിത്സ ലഭ്യമാക്കാൻ കഴിയുന്ന 3 മറൈൻ ആംബുലൻസുകൾ കൊച്ചിൻ ഷിപ്പിയാർഡിൽ നിർമ്മാണം ആരംഭിച്ചു കഴിഞ്ഞു. അതിൽ ആദ്യത്തേത് 2020 ജനുവരി യിൽ ലഭ്യമാക്കുമെന്ന് പ്രതീക്ഷിക്കുന്നു. 2019-20 പ്ലാൻ പദ്ധതിയിലുൾ പ്പെടുത്തി 1500 മത്സ്യബന്ധന യാനങ്ങൾക്ക് 75% സബ്സിഡിയോടുകൂടി DAT, VHF, GPS എന്നിവയുൾപ്പെടുന്ന കടൽ സുരക്ഷാ ഉപകരണങ്ങൾ വിതരണം ചെയ്യുന്ന പദ്ധതിയും നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

## മത്സ്യബന്ധനയാനങ്ങൾക്ക് ഇൻഷുറൻസ് പദ്ധതി

2018-19 മുതൽ മത്സ്യബന്ധന യാനങ്ങൾക്ക് ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കി വരുന്നു. ആദ്യവർഷം 1 കോടി രൂപയാണ് വകയിരുത്തിയിരിക്കുന്നത്. ആദ്യ വർഷം ഹള്ളിന് മാത്രമായിട്ടാണ് ഇൻഷ്വറൻസ് കവറേജ് ഉണ്ടായിരുന്നത്. 647 യാനങ്ങൾ ഇൻഷ്വറൻസ് പരിധിയിൽ ഉൾപ്പെട്ടിട്ടുണ്ട്. നിശ്ചിത വിലയുടെ 1.5% മാണ് പൂർണ്ണവും ഭാഗികവുമായ നഷ്ടത്തിന് പ്രിമിയം തുക നിശ്ചയിച്ചിട്ടുള്ളത്. യുണൈറ്റഡ് ഇന്ത്യ ഇൻഷ്വറൻസ് കമ്പനി വഴിയാണ് പദ്ധതി നടപ്പിലാക്കി വരുന്നത്. പ്രിമിയം തുകയുടെ 90% വും സർക്കാരാണ് വഹിക്കുന്നത്. 2019-20 വർഷം 4 കോടി രൂപ ഈ ഇനത്തിൽ വക കൊള്ളിച്ചിട്ടുണ്ട്. ഹള്ളിനും എഞ്ചിനും കൂടി ഇൻഷ്വറൻസ് കവറേജ് ഏർപ്പെടുത്തുന്നതിനാണ് നടപ്പ് വർഷം ഭരണാനുമതി ലഭ്യമായിട്ടുള്ളത്.

മത്സ്യത്തൊഴിലാളികളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനായി സർക്കാർ ആവിഷ്കരിച്ച പദ്ധതികൾ ചുവടെ ചേർക്കുന്നു.

*I. ഫിഷറീസ് വകുപ്പ് മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ*

(1) **സമ്പാദ്യ സമാശ്വാസ പദ്ധതി**

പഞ്ഞമാസങ്ങളിൽ ധനസഹായം നൽകുന്നതിന് സമ്പാദ്യ സമാശ്വാസ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ഇതിൻ പ്രകാരം 1500/- രൂപ 6 മാസങ്ങളിലായി ഗുണഭോക്താക്കളിൽ നിന്നും സ്വീകരിക്കുകയും കേന്ദ്ര, സംസ്ഥാന ഗവൺമെന്റുകളുടെ തുല്യ അനുപാതത്തിലുള്ള ധനസഹായം കൂടി ഉൾപ്പെടുത്തി കടലോര മത്സ്യത്തൊഴിലാളികൾക്ക് മെയ്, ജൂൺ, ജൂലൈ മാസങ്ങളിലും, ഉൾനാടൻ മത്സ്യത്തൊഴിലാളികൾക്ക് ജൂലൈ, ആഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിലും ധനസഹായം അനുവദിക്കുന്നു.

**(2) തീരപ്രദേശത്ത് 50 മീറ്ററിനുള്ളിൽ താമസിക്കുന്നവരുടെ പുനരധിവാസ പദ്ധതി**

ഹൈദരാബാദിലെ നാഷണൽ ഇൻസ്റ്റിസ്റ്റ്യൂട്ട് ഓഫ് റൂറൽ ഡെവലപ്പ്മെന്റിന്റെ (എൻ.ഐ.ആർ.ഡി) 2010 ലെ പഠന റിപ്പോർട്ട് പ്രകാരം സംസ്ഥാനത്ത് ആകെ 29,209 മത്സ്യത്തൊഴിലാളി കുടുംബങ്ങൾ ഭവന രഹിതരെന്ന് കണ്ടെത്തിയിട്ടുണ്ട്. ഇതിൽ 16359 മത്സ്യത്തൊഴിലാളി കുടുംബങ്ങൾ ഭവന രഹിതരും 12850 മത്സ്യത്തൊഴിലാളി കുടുംബങ്ങൾ ഭൂരഹിത ഭവന രഹിതരുമായിരുന്നു. 2010-11 മുതൽ 2016-17 വരെയുള്ള വർഷ കാലയളവിൽ ഫിഷറീസ് വകുപ്പ് വിവിധ പദ്ധതികളിലായി ധനസഹായം നൽകി 18409 പേർ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. ഭൂമിയുള്ള ഭവനരഹിതരായ അർഹതപ്പെട്ട എല്ലാവർക്കും ലൈഫിൽ ഉൾപ്പെടുത്തി ഭവന നിർമ്മാണ ധനസഹായം നൽകുന്നുണ്ട്. 2018-19 വർഷത്തിൽ 1220 മത്സ്യത്തൊഴിലാളി കുടുംബങ്ങളെ ധനസഹായത്തിനായി പരിഗണിച്ചിട്ടുണ്ട്. കൂടാതെ ഭവന നിർമ്മാണത്തിന് അപേക്ഷിച്ച അർഹതാ ലിസ്റ്റിൽ ഉൾപ്പെട്ട മത്സ്യത്തൊഴിലാളികളിൽ അവശേഷിക്കുന്ന 3320 പേരുടെ ലിസ്റ്റും, ഭൂരഹിത ഭവനരഹിതരായ 5842 പേരുടെ ലിസ്റ്റും ലൈഫ് മിഷന് കൈമാറിയിട്ടുണ്ട്.

2016 -ൽ കടലാക്രമണത്തിൽ വീടും സ്ഥലവും നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളി കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിന്റെ ആദ്യ ഘട്ടമെന്ന നിലവിൽ 248 കുടുംബങ്ങൾക്ക് സ്ഥലം വാങ്ങി വീട് വയ്ക്കുന്നതിനായി 10 ലക്ഷം രൂപ വാങ്ങുന്ന പദ്ധതിയിൽ ഉൾപ്പെടുത്തി 129 പേർ സ്ഥലം വാങ്ങുകയും ഇതിൽ 117 പേർ ഭവന നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.

ഭൂരഹിത ഭവനരഹിതരായ 800 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് പാർപ്പിട സൗകര്യത്തിനായി 2 മുതൽ 3 സെന്റ് വരെ സ്ഥലം വാങ്ങുന്നതിന് ധനസഹായം നൽകുന്നതിന് 2016-17 ൽ നടപ്പിലാക്കിയ പദ്ധതി പ്രകാരം 699 പേർ സ്ഥലം രജിസ്റ്റർ ചെയ്തിട്ടുണ്ട്.

2017-18 -ൽ തീരപ്രദേശത്തെ വേലിയേറ്റ രേഖയിൽ നിന്ന് 50 മീറ്ററിനുള്ളിൽ ഉള്ളവരുടെ പുനരധിവാസ പദ്ധതിയ്ക്കായി കണ്ടെത്തിയ 750 കുടുംബങ്ങളിൽ 431 പേർ സ്ഥലം വാങ്ങുകയും അതിൽ 239 പേർ ഭവന നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.

മേൽപ്പറഞ്ഞ 2016-17, 2017-18 എന്നീ വർഷങ്ങളിലായി നടപ്പാക്കുന്ന പദ്ധതികൾ പ്രകാരം ആകെ 1798 പേർക്കാണ് സ്ഥലം വാങ്ങി വീട് വയ്ക്കുന്നതിന് ധനസഹായം നൽകുന്നതിന് ലക്ഷ്യമിട്ടിരുന്നത്. ഇതിൽ 1261 പേർ സ്ഥലം രജിസ്റ്റർ ചെയ്ത് ഭവന നിർമ്മാണം ആരംഭിച്ചിട്ടുണ്ട്.

മത്സ്യത്തൊഴിലാളികളുടെ പുനരധിവാസത്തിനായി ബി.ഐ.എഫ് & എച്ച്.ഡി.എഫ് (2018-19) ൽ ഉൾപ്പെടുത്തി സ.ഉ (സാധാ) നമ്പർ 65/2019/മ.തു.വ തീയതി 29/01/2019 പ്രകാരം 78.20 കോടി രൂപയുടെ പദ്ധതിക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ട്. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, മലപ്പുറം, കണ്ണൂർ എന്നീ ജില്ലകളിലായി ആകെ 772 മത്സ്യത്തൊഴിലാളി കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിന് 92 ഫ്ളാറ്റ് അപ്പാർട്ട്മെന്റുകളുടെ നിർമ്മാണമാണ് പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. തീരപ്രദേശത്ത് 50 മീറ്ററിനുള്ളിൽ താമസിക്കുന്നവരും കടലാക്രമണ ഭീഷണി നേരിടുന്നതുമായ മത്സ്യത്തൊഴിലാളി കുടുംബങ്ങളെയാണ് പുനരധിവസിപ്പിക്കുന്നത് .

തീരപ്രദേശത്തെ വേലിയേറ്റ രേഖയിൽ നിന്ന് 50 മീറ്ററിനുള്ളിൽ അധിവസിക്കുന്നതും കടലാക്രമണ ഭീഷണിയിൽ കഴിയുന്നവരുമായ തീരദേശ നിവാസികളെ സുരക്ഷിത മേഖലയിൽ പുനരധിവസിപ്പിക്കുന്നതിനുള്ള 2450 കോടി രൂപയുടെ പുനർഗേഹം പദ്ധതി നടപ്പാക്കുന്നതിനുള്ള പദ്ധതി സർക്കാരിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുണ്ട്.

(3) വിദ്യാഭ്യാസ ആനുകൂല്യം

കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മത്സ്യത്തൊഴിലാളികളുടെ മക്കളായ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ ആനുകൂല്യങ്ങൾ നൽകുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ മത്സ്യ വകുപ്പ് സ.ഉ (എം.എസ്) 47/14/മ.തു.വ തീയതി 09/06/2014 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പട്ടികജാതി വികസന വകുപ്പ് കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന ചട്ടങ്ങൾക്കും നിരക്കിനും നടപടി

ക്രമങ്ങൾക്കും വിധേയമായിട്ടാണ്. മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് വിദ്യാഭ്യാസ ആനുകൂല്യങ്ങൾ ടി സർക്കാർ ഉത്തരവ് പ്രകാരം നൽകി വരുന്നത്. +2 മുതലുള്ള ക്ലാസ്സുകളിലെ വിദ്യാഭ്യാസ ആനുകൂല്യം അനുവദിക്കുന്നതിന് 2017-18 മുതൽ ഇ-ഗ്രാന്റ്സ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

മത്സ്യത്തൊഴിലാളികളുടെ മക്കളായ വിദ്യാർത്ഥികൾക്ക് പ്രീമെട്രിക് , പോസ്റ്റ് മെട്രിക് വിഭാഗങ്ങളിൽ വിവിധ വിദ്യാഭ്യാസ ആനുകൂല്യങ്ങളായ ലംപ്സംഗ്രാന്റ്, സ്റ്റൈപന്റ്, പോക്കറ്റ് മണി, മെസ്സ് ചാർജ്ജ് തുടങ്ങിയവ അർഹതയ്ക്കനുസരിച്ച് അനുവദിച്ച് നൽകുന്നു.

മത്സ്യത്തൊഴിലാളികളുടെ കുട്ടികളുടെ വിദ്യാഭ്യാസ രംഗത്തെ പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിനായി പ്രീമെട്രിക്, പോസ്റ്റ് മെട്രിക്, പാരലൽ എന്നീ വിഭാഗങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികൾ വിദ്യാഭ്യാസാനുകൂല്യം എസ് സി/എസ്ടി വിദ്യാർത്ഥികൾക്ക് നൽകുന്ന അതേ നിരക്കിൽ നൽകി വരുന്നു. 2018-19 -ൽ 29 കോടി രൂപ വിദ്യാഭ്യാസ ആനുകൂല്യം നൽകുന്നതിനായി അനുവദിച്ചു നൽകിയിട്ടുണ്ട്. 2019-20 വർഷം മത്സ്യത്തൊഴിലാളി വിദ്യാർത്ഥികൾക്കുള്ള വിദ്യാഭ്യാസ ആനുകൂല്യത്തിനായി 32.50 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

കൂടാതെ വിദ്യാതീരം പദ്ധതി പ്രകാരം മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് സൗജന്യ മെഡിക്കൽ എൻട്രൻസ്, പി.എസ്.സി, ബാങ്ക് ടെസ്റ്റ്, സിവിൽ സർവ്വീസ് പരിശീലനം നൽകി വരുന്നു. 2018-19 -ൽ 56 കുട്ടികൾക്ക് മെഡിക്കൽ എൻട്രൻസ്, 55 പേർക്ക് പി.എസ്.സി, 18 പേർക്ക് ബാങ്ക് ടെസ്റ്റ്, 10 പേർക്ക് സിവിൽ സർവ്വീസ് പരീക്ഷാ പരിശീലനത്തിന് ധനസഹായം നൽകിയിട്ടുണ്ട്. 2019-20 വർഷം വിദ്യാഭ്യാസ പരിശീലന പദ്ധതികൾക്കായി 1340 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. 2015-16 മുതൽ മെഡിക്കൽ എൻട്രൻസ് പരിശീലനം ലഭിച്ച 186 പേരിൽ 34 പേർക്ക് എം.ബി.ബി.എസ് നും 62 പേർക്ക് ഇതര കോഴ്സുകൾക്ക് അഡ്മിഷൻ ലഭിച്ചിട്ടുണ്ട്.

കൂടാതെ തീരദേശ വിദ്യാലയങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് 40 കരിയർ ഗൈഡൻസ് പ്രോഗ്രാമും, മാതാപിതാക്കൾ നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികളുടെ മക്കളെ ദത്തെടുക്കുന്ന പദ്ധതി പ്രകാരം 2018-19 -ൽ 11 പേർക്ക് പഠനാവശ്യങ്ങൾക്ക് ധനസഹായം നൽകിയിട്ടുണ്ട്.

തീരദേശത്തെ 10 ഗവൺമെന്റ് റീജിയണൽ ഫിഷറീസ് ടെക്നിക്കൽ സ്കൂളുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് പഠനത്തിനാവശ്യമായ എല്ലാ ധനസഹായവും നൽകി വരുന്നു. ടി സ്കൂളുകളെ മികവിന്റെ കേന്ദ്രങ്ങൾ ആക്കുന്നതിനുള്ള സമഗ്ര നടപടികൾ നടപ്പാക്കി വരുന്നു. കൂടാതെ തീരദേശത്തെ സ്കൂളുകളിൽ കായിക പ്രോത്സാഹന പദ്ധതികളും നടപ്പിലാക്കി വരുന്നു.

## പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ സുരക്ഷയ്ക്കായി നടപ്പിലാക്കുന്ന പദ്ധതികൾ

സുരക്ഷിത മത്സ്യബന്ധനം ഉറപ്പാക്കുന്ന പദ്ധതികളുടെ ഭാഗമായി ലൈഫ് ജാക്കറ്റുകൾ, 1000 സാറ്റലൈറ്റ് ഫോണുകൾ, 15000 നാവിക് ഉപകരണങ്ങൾ എന്നിവ വിതരണം ചെയ്തു വരുന്നു. അപകടത്തിൽപ്പെടുന്ന മത്സ്യത്തൊഴിലാളികൾക്ക് അതിവേഗം രക്ഷാപ്രവർത്ത്നവും പ്രാഥമിക ചികിത്സയും ഉറപ്പാക്കുന്നതിന് 3 മറൈൻ ആംബുലൻസുകൾ കൊച്ചിൻ ഷിപ്പ് യാർഡിൽ നിർമ്മിച്ചു വരുന്നു. അതിൽ ആദ്യത്തേത് 2020 ജനുവരിയിൽ വകുപ്പിന് ലഭ്യമാകുമെന്ന് പ്രതീക്ഷിക്കുന്നു.

## *II. കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന നടപ്പിലാക്കുന്ന വിവിധ സാമൂഹിക സുരക്ഷാ പദ്ധതികൾ*

### A) മത്സ്യത്തൊഴിലാളി പെൻഷൻ

കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള 46324 മത്സ്യത്തൊഴിലാളി പെൻഷണർമാർ 8708 വിധവ പെൻഷണർമർ, 7771 അനുബന്ധത്തൊഴിലാളി പെൻഷണർമാർ എന്നിങ്ങനെ ആകെ 62803 പെൻഷണർമാർക്ക് 2019 ജൂലൈ മാസം വരെയുള്ള പെൻഷൻ വിതരണം ചെയ്തിട്ടുണ്ട്. ക്ഷേമനിധി ബോർഡ് വഴി അനുവദിക്കുന്ന പെൻഷൻ 2019 ഏപ്രിൽ മാസം മുതൽ 1200/- രൂപ ആയി വർദ്ധിപ്പിച്ചിട്ടുണ്ട്.

### B) മത്സ്യത്തൊഴിലാളി/അനുബന്ധത്തൊഴിലാളികൾക്കും ഗ്രൂപ്പ് ആക്സിഡന്റ് ഇൻഷുറൻസ്

കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള 2,42,954 മത്സ്യത്തൊഴിലാളികൾക്കും, 84,483 അനുബന്ധത്തൊഴിലാളികൾക്കും ഗ്രൂപ്പ് ആക്സിഡന്റ് ഇൻഷുറൻസ് കവറേജ് 17/12/2018 മുതൽ 16/12/2019 വരെ ലഭ്യമാക്കിയിട്ടുണ്ട്. ഇത് പ്രകാരം മത്സ്യബന്ധനത്തിനിടയിൽ മരണപ്പെടുന്ന മത്സ്യത്തൊഴിലാളികളുടെ ആശ്രിതർക്ക് ചുവടെ പറയും പ്രകാരം ധനസഹായം ലഭിക്കുന്നുണ്ട്.

| | |
|---|---|
| അപകടമരണം | 10 ലക്ഷം രൂപ |
| മത്സ്യബന്ധന വേളയിൽ അപകടംമൂലം കാണാതാകൽ | 10 ലക്ഷം രൂപ |
| സ്ഥിരവും പൂർണ്ണവുമായ അവശത | 10 ലക്ഷം രൂപ |
| സ്ഥിരവും ഭാഗികവുമായ അവശത | 5,00,000/- രൂപ |
| അപകടമരണമടഞ്ഞ മത്സ്യത്തൊഴിലാളികളുടെ കുട്ടികൾക്ക് വിദ്യഭ്യാസ സഹായം | 5000/-രൂപ പ്രകാരം പരമാവധി 10,000/- രൂപ |
| അപകടംമൂലം24മണിക്കൂറിലധികം ആശുപത്രിയിൽ കിടത്തി ചികിൽസിക്കേണ്ടി വരുന്നവർക്ക് ധനസഹായം | 25,000/- (പരമാവധി) |

## C) സംയോജിത PMJJBY/PMSBY/AABY

മത്സ്യത്തൊഴിലാളികൾക്കായി എൽ.ഐ.സി മുഖേന എ.എ.ബി.വൈ എന്ന പദ്ധതി (ആം ആദ്മി ബീമയോജന) കേന്ദ്രപദ്ധതികളായ PMJJBY,PMSBY എന്നീ പദ്ധതികളുമായി സംയോജിപ്പിച്ച് ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കി വരുന്നു. പ്രസ്തുത പദ്ധതിയുടെ വിശദാംശം താഴെ രേഖപ്പെടുത്തുന്നു.

| ക്രമ നമ്പർ | പദ്ധതികൾ | ധനസഹായ ത്തുക |
|---|---|---|
| 1 | അപകടം മൂലമുണ്ടാകുന്ന മരണത്തിന് | 4,00,000/- |
| 2 | അപകടം മൂലമുണ്ടാകുന്ന സ്ഥിരവും പൂർണ്ണവുമായ അവശതയ്ക്ക് | 2,00,000/- |
| 3 | അപകടം മൂലമുണ്ടാകുന്ന സ്ഥിരവും ഭാഗികവുമായ അവശതയ്ക്ക് | 1,00,000/- |
| 4 | സാധാരണ മരണത്തിന് | 2,00,000/- |
| 5 | 9,10,11,12 എന്നീ ക്ലാസ്സുകളിൽ പഠിക്കുന്ന മത്സ്യത്തൊഴിലാളികളുടെ മക്കളായ വിദ്യാർത്ഥികൾക്ക് (പരമാവധി രണ്ട് പേർക്ക് പ്രതി വർഷം) സ്കോളർഷിപ്പ് | 1200/- |

പ്രസ്തുത പദ്ധതി പ്രകാരം 50 വയസ്സു വരെ പ്രായമുള്ള മത്സ്യത്തൊഴിലാളികൾ മരണപ്പെട്ടാൽ പി.എം.ജെ.ജെബിവൈ പദ്ധതി പ്രകാരം 2 ലക്ഷം രൂപയും, അപകടംമൂലം മരണപ്പെട്ടാൽ പി.എം.എസ്.ബി.വൈ പദ്ധതി പ്രകാരമുള്ള 2 ലക്ഷം രൂപയും കൂടി മൊത്തം 4 ലക്ഷം രൂപ ലഭിക്കുന്നു. 51 വയസ്സു മുതൽ 59 വയസ്സ് വരെയുള്ളവർ അപകടം മൂലം മരണപ്പെട്ടാൽ പി.എം.എസ്.ബി.വൈ പദ്ധതി പ്രകാരമുള്ള 2 ലക്ഷം രൂപയും, എ.എ.ബി.വൈ പദ്ധതി പ്രകാരമുള്ള 75,000/- രൂപയും കൂടി മൊത്തം 2.75 ലക്ഷം രൂപ ധനസഹായം ലഭിക്കും.

51 വയസ് മുതൽ 59 വയസ് വരെയുള്ള മത്സ്യത്തൊഴിലാളികൾക്ക് സ്വാഭാവിക മരണം സംഭവിച്ചാൽ എഎബിവൈ പദ്ധതി പ്രകാരമുള്ള 30,000/- രൂപയും ധനസഹായമായി ലഭിക്കുനനതാണ്.

## D) മത്സ്യബന്ധന സമയത്തോ തൊട്ടുപിന്നാലെയോ അപകടം കൊണ്ടല്ലാതെ ആകസ്മിക കാരണങ്ങളാൽ ഉണ്ടാകുന്ന മരണത്തിന് ആശ്രിതർക്ക് ധനസഹായം

മത്സ്യബന്ധന സമയത്തോ തൊട്ടുപിന്നാലെയോ അപകടം കൊണ്ടല്ലാത്ത ആകസ്മിക കാരണങ്ങളാൽ മരിക്കുകയും, ഗ്രൂപ്പ് ഇൻഷുറൻസ് പദ്ധതി പ്രകാരമുള്ള ധനസഹായം ലഭിക്കാൻ അർഹതയില്ലാതാകുകയും ചെയ്യുന്ന മത്സ്യത്തൊഴിലാളികളുടെ ആശ്രിതർക്ക് ആശ്വാസ ധനസഹായം നൽകുന്നതിനുള്ള പദ്ധതിയാണിത്. ഈ പദ്ധതി പ്രകാരം ആശ്രിതർക്ക് നൽകുന്ന സാമ്പത്തിക സഹായം 50,000 രൂപയാക്കി വർദ്ധിപ്പിച്ചിട്ടുണ്ട്.

## E) വിവാഹ ധനസഹായ പദ്ധതി

മത്സ്യത്തൊഴിലാളികളുടെ പെൺമക്കളുടെ വിവാഹത്തിന് ധനസഹായം നൽകുന്നതിനുള്ള പദ്ധതിയാണിത്. ഈ പദ്ധതി പ്രകാരമുള്ള ധനസഹായം 10,000/- രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്.

## F) മത്സ്യത്തൊഴിലാളികളുടെ ആശ്രിതരുടെ മരണാനന്തര ചിലവുകൾക്ക് ധനസഹായം നൽകുന്ന പദ്ധതി.

മത്സ്യത്തൊഴിലാളികളുടെ ആശ്രിതർ മരണമടയുമ്പോൾ ശവസംസ്കാരം തുടങ്ങിയ ചിലവുകൾ നടത്തുന്നതിന് സാമ്പത്തിക സഹായം നൽകുന്ന പദ്ധതിയാണിത്. ഈ പദ്ധതി പ്രകാരം നൽകുന്ന സാമ്പത്തിക സഹായം 600/- രൂപയാണ്. മത്സ്യത്തൊഴിലാളികളുടെ അച്ഛൻ, അമ്മ, ഭാര്യ/ഭർത്താവ്, മൈനർമാരായ ആൺമക്കൾ, അവിവാഹിതരായ പെൺമക്കൾ എന്നിവരുടെ മരണം സംഭവിക്കുമ്പോഴാണ് ഈ പദ്ധതി പ്രകാരമുള്ള ധനസഹായം നൽകുന്നത്.

## G) മത്സ്യത്തൊഴിലാളികളുടെ മരണത്തോടനുബന്ധിച്ച് ആശ്രിതർക്കു ധനസഹായ പദ്ധതി

മത്സ്യത്തൊഴിലാളികൾ ഏതു സാഹചര്യത്തിൽ മരിച്ചാലും ആശ്രിതർക്ക് ധനസഹായം നൽകുന്ന പദ്ധതിയാണിത്. ഈ പദ്ധതി പ്രകാരമുള്ള ധനസഹായം 15,000/- രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്.

## H) കുടുംബ സംവിധാന പദ്ധതി

വന്ധ്യംകരണ ശസ്ത്രക്രിയക്ക് വിധേയരാകുന്ന മത്സ്യത്തൊഴിലാളി സ്ത്രീകൾക്കും പുരുഷൻമാർക്കും സാമ്പത്തിക സഹായം നൽകികൊണ്ട് കുടുംബ സംവിധാനത്തിന് പ്രോത്സാഹനം നൽകുന്നതിനുള്ള ഒരു പദ്ധതിയാണിത്. ശസ്ത്രക്രിയയോടനുബന്ധിച്ചുള്ള ശുശ്രൂഷാ ചിലവുകൾക്കായി 500 രൂപയാണ് ധനസഹായമായി നൽകുന്നത്

## I) മാരകരോഗ ചികിൽസാ പദ്ധതി

മാരകരോഗങ്ങൾ പിടിപെട്ട് കഷ്ടത അനുഭവിക്കുന്ന മത്സ്യത്തൊഴിലാളികൾക്ക് വിദഗ്ദ ചികിൽസയ്ക്കുവേണ്ട ധനസഹായം നൽകുന്നതിനുള്ള പദ്ധതിയാണിത്.

പദ്ധതിയിൽപ്പെടുന്ന രോഗങ്ങളും ധനസഹായവും:-

| | | |
|---|---|---|
| 1. ഹൃദ്രോഗം | പരമാവധി | 50,000/- രൂപ |
| 2. വൃക്കരോഗം | പരമാവധി | 50,000/- രൂപ |
| 3. ക്യാൻസർ | പരമാവധി | 50,000/- രൂപ |
| 4. തലച്ചോറിലെ ട്യൂമർ | പരമാവധി | 50,000/- രൂപ |
| 5. തളർവാതം | പരമാവധി | 12,000/- രൂപ |
| 6. ചികിൽസിച്ചു ഭേദമാക്കാൻ പറ്റുന്ന മാനസിക രോഗം | പരമാവധി | 5,000/- രൂപ |

## J) ചെയർമാൻസ് റിലീഫ് ഫണ്ട്

അപ്രതീക്ഷിതമായി ഉണ്ടാകുന്ന അപകടങ്ങൾമൂലവും പ്രകൃതി ക്ഷോഭങ്ങൾ മൂലം ദുരിതമനുഭവിക്കേണ്ടിവരുന്ന മത്സ്യത്തൊഴിലാളികൾക്ക് അടിയന്തിര ധനസഹായം നൽകുന്നതിനുള്ള പദ്ധതിയാണിത്. അപകടം മൂലം ഗുരുതരമായ പരുക്കുപറ്റി ആശുപത്രിയിൽ പ്രവേശിപ്പിക്കുക. അപകടം മൂലം മത്സ്യത്തൊഴിലാളി മരണമടയുകയും, കുടുംബാംഗങ്ങൾക്ക് നിത്യവൃത്തിക്ക് മാർഗ്ഗമില്ലാതാവുകയും ചെയ്യുക, അപകടം മൂലമുള്ളരക്ഷാ പ്രവർത്തനങ്ങളിലേർപ്പെട്ട് പരിക്കു പറ്റുക, വെള്ളപ്പൊക്കം, തീപിടുത്തം മുതലായവ നിമിത്തം വീടിനും, വീട്ടുപകരണങ്ങൾക്കും, നാശനഷ്ടങ്ങൾ സംഭവിക്കുക, അഭയാർത്ഥി ക്യാംപുകളിൽ പ്രവേശിപ്പിക്കപ്പെടുക, പാമ്പ്, പേനായ എന്നിവ കടിച്ചതു മൂലവും തീപ്പൊള്ളലേറ്റും , ഇലക്ട്രിക് ഷോക്കേറ്റും അടിയന്തിര ചികിൽസ വേണ്ടിവരിക, മത്സ്യബന്ധന വേളയിൽ കാണാതാകുന്നവരുടെ കുടുംബത്തിന് ദുരിതമുണ്ടാവുക തുടങ്ങി അവസരങ്ങളിൽ സാഹചര്യത്തിന്റെ ഗൗരവമനുസരിച്ച് 500 രൂപ മുതൽ 5000 രൂപ വരെ ധനസഹായം അനുവദിക്കുന്നു.

## K) ബോർഡിന്റെ പ്രത്യേക ധനസഹായം

ദുരിതമനുഭവിയ്ക്കുന്ന മത്സ്യത്തൊഴിലാളികൾക്ക് മാനുഷിക പരിഗണനയുടെ അടിസ്ഥാനത്തിൽ നിശ്ചിത തുക ധനസഹായമായി ബോർഡിൽ നിന്നും അനുവദിയ്ക്കുന്നു.

## L) പ്രസവ ശുശ്രൂഷക്കുള്ള ധനസഹായ പദ്ധതി

മത്സ്യത്തൊഴിലാളി കുടുംബങ്ങളിലെ വനിതകളുടെ ക്ഷേമം ലക്ഷ്യമാക്കിയിട്ടുള്ള പദ്ധതിയാണിത്. ക്ഷേമനിധിയിൽ കുടിശ്ശിക ഇല്ലാതെ വിഹിതം അടച്ചുതീർത്തിട്ടുള്ള പ്രവർത്ത്യൂന്മുഖ മത്സ്യത്തൊഴിലാളി വനിതകൾക്കും മത്സ്യത്തൊഴിലാളികളുടെ ഭാര്യമാർക്കും പ്രസവ ശുശ്രൂഷാ ധനസഹായമായി. 750 രൂപ വീതം നൽകി വരുന്നു.

## M) ഉന്നത വിദ്യാഭ്യാസ പ്രോൽസാഹന പദ്ധതി

മത്സ്യത്തൊഴിലാളി കുടുംബങ്ങളിലെ കുട്ടികളുടെ വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിന് പ്രോൽസാഹനം നൽകുന്നതിനായി ലക്ഷ്യമിട്ടിട്ടുള്ളതാണ് ഈ പദ്ധതി ഹയർ സെക്കന്ററി (+2), വൊക്കേഷണൽ ഹയർ സെക്കന്ററി പരീക്ഷകളിൽ എല്ലാ വിഷയങ്ങൾക്കും എ+ ലഭിയ്ക്കുന്ന വിദ്യർത്ഥികൾക്ക് 5000/- രൂപ വീതം ഈ പദ്ധതി പ്രകാരമുള്ള പ്രോൽസാഹന ധനസഹായം നൽകി വരുന്നു.

## N) ബോധവൽക്കരണ പരിപാടി

മത്സ്യത്തൊഴിലാളികൾക്ക് വേണ്ടി സംസ്ഥാന ഫിഷറീസ് വകുപ്പും, മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡും നടപ്പിലാക്കുന്ന പദ്ധതികളെക്കുറിച്ച് മത്സ്യത്തൊഴിലാളികളിൽ അവബോധം സൃഷ്ടിക്കുന്നതിനുള്ള പദ്ധതിയാണിത്.

## O) അപകടം മൂലമുണ്ടാകുന്ന താൽക്കാലിക അവശതയ്ക്ക് ധനസഹായ പദ്ധതി:

അപകടം മൂലം ചുരുങ്ങിയത് ഏഴ് ദിവസത്തേക്കെങ്കിലും ചികിൽസാർത്ഥം തൊഴിൽ ചെയ്യാൻ കഴിയാതെ വന്നാൽ ഈ പദ്ധതി പ്രകാരം പരമാവധി 500/- രൂപ ധനസഹായം ലഭിക്കും.

## III. *മത്സ്യഫെഡ് മുഖേന നടപ്പിലാക്കുന്ന സാമൂഹിക സുരക്ഷാ പദ്ധതികൾ*

ചെറുകിട പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ ജീവനോപാധികൾ മെച്ചപ്പെടുത്തുന്നതിനും അവരുടെ ജീവിതനിലവാരം ഉയർത്തുന്നതിന് മത്സ്യഫെഡ് മുഖേന ചുവടെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു

1. **എൻ.സി.ഡി.സി ധനസഹായത്തോടു കൂടിയുള്ള സംയോജിത മത്സ്യ വികസന പദ്ധതി:-** മത്സ്യഫെഡിലെ അംഗങ്ങളായ പ്രാഥമിക സഹകരണ സംഘങ്ങളിലെ അംഗങ്ങളായ

മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധന ഉപകരണങ്ങൾക്കും മത്സ്യ വിപണന സംവിധാനങ്ങൾ വിപുലികരിക്കുന്നതിനും ആവശ്യമായ വായ്പ ലഭ്യമാക്കുക, സംഘങ്ങൾക്ക് മത്സ്യസംസ്കരണത്തിന് അടിസ്ഥാന സൗകര്യം ഉണ്ടാക്കുക, മത്സ്യലേലം ശക്തിപ്പെടുത്തുന്നതിന് പ്രവർത്തന മൂലധനം ലഭ്യമാക്കുക എന്നിവ ഈ പദ്ധതി വഴി നൽകി വരുന്നു. പലിശ രഹിത വായ്പാ പദ്ധതിയായിട്ടാണ് ടി പദ്ധതി നടപ്പിലാക്കി വരുന്നത്.

2. **എൻ.ബി.സി.എഫ്.ഡി.സി/എൻ.എം.ഡി.എഫ്.സി എന്നീ ദേശീയ ധനകാര്യ സ്ഥാപനങ്ങളുടെ ധനസഹായത്തോടു കൂടിയുള്ള പദ്ധതികൾ:**

എ) വായ്പകൾ

മത്സ്യത്തൊഴിലാളി മേഖലയിൽ വിവിധ തൊഴിൽ സംരംഭങ്ങൾ ഏറ്റെടുത്തു നടത്തുന്നതിനും മത്സ്യബന്ധന ഉപകരണങ്ങൾ വാങ്ങുന്നതിനുമായി ടേം വായ്പകൾ 6 ശതമാനം പലിശ നിരക്കിൽ 5 വർഷം വരെ കാലാവധിയിൽ വിതരണം ചെയ്തു വരുന്നു.

ബി) മൈക്രോഫിനാൻസ് വായ്പ

മത്സ്യഫെഡുമായി അഫിലേറ്റ് ചെയ്തു പ്രവർത്തിക്കുന്ന പ്രാഥമിക മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളുടെ കീഴിൽ രൂപീകരിച്ചിട്ടുള്ള സ്വയം സഹായം ഗ്രൂപ്പുകൾ വഴി മൈക്രോഫിനാൻസ് വായ്പകൾ വിതരണം ചെയ്തു വരുന്നു. വ്യക്തികൾക്ക് ആദ്യ വായ്പയായി 1000/- രൂപയും ലഘു സംരംഭങ്ങൾ നടത്തുന്നതിന് തുടർ വായ്പയായി 50,000/- രൂപ വരെ പരമാവധി 6% പലിശ നിരക്കിൽ സ്വയം സഹായ ഗ്രൂപ്പുകൾ വഴി വിതരണം ചെയ്തു വരുന്നു.

3. **മത്സ്യത്തൊഴിലാളി വനിതകൾക്ക് മത്സ്യവിപണനത്തിന് പലിശരഹിത വായ്പാ പദ്ധതി:-** മത്സ്യത്തൊഴിലാളി വിഭാഗത്തിൽപ്പെടുന്ന മത്സ്യ വിപണനത്തിലേർപ്പെട്ടിരിക്കുന്ന വനിതകൾക്ക് പലിശ രഹിത വായ്പ വിവിധ ഘട്ടങ്ങളിലായി വിതരണം ചെയ്തു വരുന്നു. ആദ്യ വായ്പാ 1000/- രൂപ ഒരു വർഷ കാലാവധിയിൽ തിരിച്ചടയ്ക്കുന്ന ഗുണഭോക്താക്കൾക്ക് തുടർ വായ്പയായി 20000/- രൂപ എന്നിങ്ങനെ വിതരണം ചെയ്തു വരുന്നു. പലിശ രഹിത വായ്പ വിതരണത്തിനാവശ്യമായ വായ്പ

തുക മത്സ്യഫെഡ് എൻ.ബി.സി.എഫ്.ഡി.സി, എൻ.എം.ഡി.എഫ്.സി എന്നീ സ്ഥാപനങ്ങളിൽ നിന്നും വായ്പയായി ലഭ്യമാക്കുന്നു. വായ്പയുടെ പലിശ തുക സംസ്ഥാന സർക്കാർ മത്സ്യഫെഡിന് അനുവദിച്ചു നൽകുന്നു. പ്രാഥമിക മത്സ്യത്തൊഴിലാളി സംഘങ്ങൾ വഴിയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്.

4. **ലോൺ ഡിസ്ട്രസ് റിലീഫ് സ്കീം:-** മത്സ്യഫെഡ് മൈക്രോ ഫിനാൻസ്, പലിശ രഹിത വായ്പ എന്നീ പദ്ധതികൾ വഴി മത്സ്യഫെഡിൽ നിന്നും വായ്പയെടുത്തിട്ടുള്ള ഗുണഭോക്താക്കളിൽ മരണമടയുന്നവരുടെ വായ്പ കണക്കിൽ ബാക്കി നിൽക്കുന്ന വായ്പ തുക പൂർണ്ണമായും ഒഴിവാക്കിക്കൊടുക്കുന്നതിനുള്ള പദ്ധതി ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നു. മേൽപ്പറഞ്ഞ പദ്ധതികൾ വഴി വായ്പ എടുക്കുന്ന ഗുണഭോക്താക്കൾ വായ്പാ തുകയുടെ 0.35% തുക മിനിമം (100/- രൂപ വായ്പയെടുക്കുമ്പോൾ ഈ സ്കീമിലേക്ക് വിഹിതമായി അടയ്ക്കേണ്ടതാണ്. മരണമടയുകയോ മാരകരോഗത്തിന് അടിമപ്പെടുകയോ ചെയ്ത ഗുണഭോക്താക്കളുടെ ബാക്കി

നിൽക്കുന്ന വായ്പാ തുക പൂർണ്ണമായും ഒഴിവാക്കി കൊടുക്കുന്ന ഈ സ്കീം അവരുടെ കുടുംബങ്ങൾക്ക് വളരെയേറെ ഉപകാരപ്രദമാണ്.

**5.വലകൾക്കുള്ള സബ്സിഡി പദ്ധതി:-** 10 എച്ച്.പി-യിൽ താഴെയുള്ള എഞ്ചിനുകൾ ഉപയോഗിച്ചുള്ള മത്സ്യബന്ധന യൂണിറ്റുകൾക്ക് വലകളും മറ്റ് അനുബന്ധ സാമഗ്രികളും വാങ്ങുന്നതിന് ഒരു മത്സ്യത്തൊഴിലാളിയ്ക്ക് പരമാവധി 10,000/- രൂപ വരെ സബ്സിഡി നൽകി വരുന്നു.

**6.മത്സ്യഫെഡ് ഉപകരണ സുരക്ഷാ പദ്ധതി:-**മത്സ്യഫെഡ് വിവിധ വായ്പാ പദ്ധതികൾ വഴി വിതരണം ചെയ്യുന്ന മത്സ്യബന്ധന ഉപകരണങ്ങൾക്ക് അപകടം, പ്രകൃതിക്ഷോഭം, എന്നിവ മൂലമുണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് നഷ്ടപരിഹാരം ഉറപ്പാക്കുന്നതിന് വേണ്ടി മത്സ്യഫെഡ് നേരിട്ട് നടത്തുന്ന ഉപകരണ സുരക്ഷാ പദ്ധതിയാണിത്.

**7.നാടൻ വള്ളങ്ങളുടെ നവീകരണം:-**നാടൻ വള്ളങ്ങൾ യന്ത്രവൽക്കരിക്കുന്നതിന് 10 എച്ച്.പി. യിൽ താഴെയുള്ള ഔട്ട് ബോർഡ്

എഞ്ചിൻ വാങ്ങുന്ന മത്സ്യത്തൊഴിലാളികൾക്ക് ഈ പദ്ധതിപ്രകാരം പരമാവധി 30,000/- രൂപ വരെ സബ്സിഡി നൽകി വരുന്നു.

***8.ഇൻഷ്വറൻസ് പദ്ധതി***

മത്സ്യഫെഡിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള പ്രാഥമിക മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളിലെ അംഗങ്ങൾക്ക് അപകടമരണം സംഭവിച്ചാൽ അവരുടെ ആശ്രിതർക്ക് ആനുകൂല്യം ലഭിക്കത്തക്ക രീതിയിൽ ഇൻഷുറൻസ്കമ്പനികളുമായി സഹകരിച്ച് മത്സ്യഫെഡ് വ്യക്തിഗത ഗ്രൂപ്പ് അപകട ഇൻഷുറൻസ് പദ്ധതി നടപ്പിലാക്കി വരുന്നു. നിർദ്ദിഷ്ട പ്രീമിയം തുക അടച്ച് ഈ പദ്ധതിയിൽ അംഗങ്ങളാകുന്ന മത്സ്യത്തൊഴിലാളികൾക്ക് മാത്രമേ ഈ ആനുകൂല്യത്തിന് അർഹതയുള്ളൂ.

2018-19 വർഷത്തിൽ മത്സ്യഫെഡ് നടപ്പിലാക്കിയ മത്സ്യത്തൊഴിലാളി ഗ്രൂപ്പ് അപകട ഇൻഷുറൻസ് പദ്ധതി പരിരക്ഷ 5 ലക്ഷം രൂപയിൽ നിന്ന് ഉയർത്തി 10 ലക്ഷം രൂപയാക്കി വർദ്ധിപ്പിച്ചിട്ടുണ്ട്. നിലവിലുള്ള ഇൻഷുറൻസ് പദ്ധതി പ്രകാരം അപകട മരണത്തിന് 10 ലക്ഷം രൂപയും (ആകെ പത്ത് ലക്ഷം രൂപ), മരണാനന്തര ചടങ്ങുകൾക്കായി 2500/-രൂപയും (ആകെ രണ്ടായിരത്തി അഞ്ഞൂറു രൂപ), മരിച്ച മത്സ്യത്തൊഴിലാളിയുടെ മക്കൾക്ക് വിദ്യാഭ്യാസ ധനസഹായമായി പരമാവധി 10000/ രൂപ (ആകെ പതിനായിരം രൂപ) (ഒരാളിന് അയ്യായിരം രൂപവീതം ) വ്യവസ്ഥകൾക്ക് വിധേയമായി നൽകി വരുന്നു. ടി പദ്ധതിയിൽ അംഗമായിട്ടുള്ളവർക്ക് അപകടത്തിൽ അംഗവൈകല്യം സംഭവിച്ചാൽ അതിന്റെ തോതനുസരിച്ച് ഇൻഷുറൻസ് പരിരക്ഷ ലഭിക്കുന്നതാണ്.

### 9. *മത്സ്യത്തൊഴിലാളി വനിതകൾക്ക് മത്സ്യഫെഡ് മത്സ്യവിപണനത്തിന് പലിശ രഹിത വായ്പാ പദ്ധതി:*

മത്സ്യത്തൊഴിലാളി വിഭാഗങ്ങളിൽപ്പെടുന്ന മത്സ്യ വിപണനത്തിലേർപ്പെട്ടിരിക്കുന്ന വനിതകൾക്ക് പലിശ രഹിത. വായ്പ വിവിധ ഘട്ടങ്ങളിലായി വിതരണം ചെയ്തു വരുന്നു. ആദ്യവായ്പ 5000/- രൂപ ഒരു വർഷകാലാവധിയിൽ തിരിച്ചടയ്ക്കുന്ന ഗുണഭോക്താക്കൾക്ക് യഥാക്രമം 10,000/- രൂപ 15000/- രൂപ, 20000/- രൂപ എന്നിങ്ങനെ വിതരണം ചെയ്യുന്നു. പലിശ രഹിത വായ്പ വിതരണത്തിനാവശ്യമായ വായ്പ തുക മത്സ്യഫെഡ് എൻ.ബി.സി.എഫ്.ഡി.സി, എൻ.എം.ഡി.എഫ്.സി എന്നീ സ്ഥാപനങ്ങളിൽ നിന്നും വായ്പയായി ലഭ്യമാകുന്നു. വായ്പയുടെ പലിശ തുക, പദ്ധതി നടത്തിപ്പിനാവശ്യമായ തുക എന്നിവ സംസ്ഥാന സർക്കാർ മത്സ്യഫെഡിന് അനുവദിച്ചു പ്രാഥമിക മത്സ്യത്തൊഴിലാളി സംഘങ്ങൾ വഴിയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്.

## IV. *സാഫ് നടപ്പിലാക്കുന്ന പദ്ധതികൾ*

മത്സ്യത്തൊഴിലാളി സ്ത്രീകളുടെ സമഗ്ര വികസനത്തിനും ശാക്തീകരണത്തിനും വേണ്ടി ഫിഷറീസ് വകുപ്പിന് കീഴിൽ രൂപീകരിച്ച ഏജൻസിയാണ് സൊസൈറ്റി ഫോർ അസിസ്റ്റൻസ് ടു ഫിഷർവിമൻ (സാഫ്). സാഫിന്റെ പദ്ധതികൾക്കായി 2018-19 വർഷത്തിൽ 17.60 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. 2018-19 വർഷത്തിൽ സംസ്ഥാനത്തെ 1000 മത്സ്യത്തൊഴിലാളി വനിതകൾക്ക് സൂക്ഷ്മ തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുവാൻ സാഫ് ധനസഹായം നൽകുന്നു. ഇതിനായി 750 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. 2 മുതൽ 4 പേരടങ്ങുന്ന ഒരു ഗ്രൂപ്പിന് പരമാവധി 3,00,000/- രൂപ വരെ (75,000/- രൂപ / മത്സ്യത്തൊഴിലാളി വനിത) തിരിച്ചടയ്ക്കാത്ത ഗ്രാന്റായി നൽകുന്നു. കൂടാതെ സാഫ് മുഖേന തീരമൈത്രി പദ്ധതിയിലൂടെ മത്സ്യത്തൊഴിലാളി സംരംഭങ്ങൾ നല്ല രീതിയിൽ മുന്നോട്ട് കൊണ്ടുപോകുന്നതിന് ആവശ്യമായ പരിശീലന പരിപാടികൾ (അച്ചീവ്മെന്റ് മോട്ടിവേഷൻ ട്രെയിനിംഗ്, മാനേജ്മെന്റ് ട്രെയിനിംഗ്, സ്കിൽ ട്രെയിനിംഗ്, ബുക്ക് കീപ്പിംഗ് & അക്കൗണ്ടിംഗ് ട്രെയിനിംഗ്), സംരംഭങ്ങളുടെ സുസ്ഥിരത ഉറപ്പാക്കുന്നതിന് പലിശരഹിത വായ്പാപദ്ധതി, ഉചിതമായ പ്രവർത്തനത്തിലേക്ക് മാറുന്നതിനുള്ള ധനസഹായം സൗജന്യ മെഡിക്കൽ ക്യാമ്പ്, സാങ്കേതിക വിദ്യാനവീകരണം തുടങ്ങിയ ഘടകങ്ങൾ നടപ്പിലാക്കി വരുന്നു. മത്സ്യത്തൊഴിലാളി വനിതകൾക്ക് തൊഴിലും വരുമാനവും ഉറപ്പാക്കുന്നതിനായി തീരമൈത്രി സംരംഭ ങ്ങളിലെ 145 ഗ്രൂപ്പുകളിൽ ഉൽപ്പാദിപ്പിക്കുന്ന 6 ഇനം ഉണക്കമത്സ്യങ്ങൾ തീരമൈത്രി ബ്രാന്റിൽ ലഭ്യമാക്കുന്നു. 2019-20 സാമ്പത്തിക വർഷത്തിൽ സാഫ് മുഖേന നടപ്പിലാക്കുന്ന പദ്ധതികൾക്കായി 7.15 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

2019 – 20 സാമ്പത്തിക വർഷത്തിൽ 3-R Package For Ensuring Sustainable Livelihoods of Fisherwomen In Kerala (Rebuilding, Revival, Reforms) എന്ന പദ്ധതി പ്രകാരം കൊല്ലം, ആലപ്പുഴ ജില്ലകളിലായി 200 ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകൾ രൂപീകരിച്ചുകൊണ്ട് മത്സ്യത്തൊഴിലാളി വനിതകളെ കൊള്ളപ്പലിശക്കാരുടെ ചൂഷണത്തിൽ നിന്ന് ഒഴിവാക്കുന്നതിനായി ഉദ്ദേശിച്ചിട്ടുണ്ട്. 1000 മത്സ്യത്തൊഴിലാളി വനിതകളുടെ 200 JLG's ആണ് രൂപീകരിക്കുന്നത്. അഷ്ടമുടി Phase II പദ്ധതി പ്രകാരം 48 മത്സ്യത്തൊഴിലാളി വനിതകളെ ഉൾക്കൊള്ളിച്ചുകൊണ്ട് 12 തയ്യൽ യൂണിറ്റുകൾ 'consortium' മാതൃകയിൽ കൊല്ലത്ത് ആരംഭിച്ചിട്ടുണ്ട്.

**D)കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന നടപ്പാക്കുന്ന പദ്ധതികൾ**

സംസ്ഥാനത്തെ തീരദേശ മേഖലയുടെ സമഗ്രമായ അടിസ്ഥാന സൗകര്യ വികസനത്തിനും, മത്സ്യത്തൊഴിലാളികൾക്ക് മികച്ച തൊഴിൽ ലഭ്യമാക്കുന്നതിനും തദ്വാര സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ചയിൽ മുഖ്യ പങ്ക് വഹിക്കുന്നതിനും കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന വിവിധ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ സംസ്ഥാനമൊട്ടാകെ നടപ്പിലാക്കി വരുന്നു. സംസ്ഥാന സർക്കാർ, നാഷണൽ ഫിഷറീസ് ഡെവലപ്മെന്റ് ബോർഡ്, നബാർഡ്, കിഫ്ബി എന്നിവിടങ്ങളിലെ ഫണ്ട് ഉപയോഗിച്ചാണ് വിവിധ അടിസ്ഥാനസൗകര്യ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നത്.

സംസ്ഥാന സർക്കാരിന്റെ സമഗ്ര തീരദേശ വികസന പദ്ധതി, സംയോജിത മത്സ്യഗ്രാമ വികസന പദ്ധതി, മത്സ്യത്തൊഴിലാളികളുടെ അടിസ്ഥാനസൗകര്യ വികസനവും മാനവശേഷി വികസനവും പദ്ധതി, കൃത്രിമപാര് സ്ഥാപിക്കൽ, നബാർഡിന്റെ ഗ്രാമീണ അടിസ്ഥാന സൗകര്യ വികസന പദ്ധതി, ദേശീയ മത്സ്യ വികസന ബോർഡിന്റെ ധനസഹായത്തോടെയുള്ള ആധുനിക മത്സ്യ മാർക്കറ്റുകൾ സ്ഥാപിക്കൽ എന്നിവയാണ് പ്രധാന പദ്ധതികൾ. 2016-17, 2017-18, 2018-19, 2019-20 എന്നീ സാമ്പത്തിക വർഷത്തിൽ മേൽ പദ്ധതികളിൽ ഉൾപ്പെടുത്തി വ്യക്തിഗത ഫ്ളാറ്റുകൾ, വിദ്യാഭ്യാസ ആരോഗ്യ സ്ഥാപനങ്ങൾ, മത്സ്യമാർക്കറ്റുകൾ, ഫിഷറീസ് ഫാമുകൾ, ഫിഷ് ലാന്റിംഗ് സെന്ററുകൾ, ഡ്രെയിനേജ് സംവിധാനം മുതലായ അടിസ്ഥാന സൗകര്യ വികസന പ്രവൃത്തികൾ നടപ്പിലാക്കിയിട്ടുണ്ട്.